**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **16-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വകുപ്പിലെ അഡീഷണൽ/ ജോയിന്റ്/ഡെപ്യൂട്ടി/അസി.ഡെപ്യൂട്ടി ഡയറക്ടർ, ഇന്റേണൽ വിജിലൻസ് ഓഫീസർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്, അസി.സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നീ വിഭാഗത്തിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം തസ്തിക തിരിച്ച് നൽകുമോ; | (എ) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിൽ 31/12/2024 വരെയും, ജോയിന്റ് ഡയറക്ടർ തസ്തികയിൽ 31/12/2024 വരെയും, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 31/12/2024 വരെയും, അസ്സിസ്റ്റന്റ് ഡയറക്ടർ (IVO) തസ്തികയിൽ 31/12/2024 വരെയും, പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിൽ 31/12/2022 വരെയും, ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ 31/12/2023 വരെയും, ഹെഡ് ക്ളാർക്ക് തസ്തികയിൽ 31/12/2022 വരെയുമുള്ള അന്തിമ സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | 2026 മെയ് മാസം 31 വരെ മേൽ വിഭാഗത്തിൽപെട്ട ജീവനക്കാരിൽ എത്ര പേർ വിരമിക്കുന്നു എന്നതിന്റെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകുമോ; | (ബി) | അഡീഷണൽ ഡയറക്ടർ - 0<br>ജോയിന്റ് ഡയറക്ടർ - 2<br>ഡെപ്യൂട്ടി ഡയറക്ടർ - 2<br>അസിസ്റ്റന്റ് ഡയറക്ടർ - 5<br>ഇന്റേണൽ വിജിലൻസ് ആഫീസർ - 8<br>സെക്രട്ടറി/ സീനിയർ സൂപ്രണ്ട് - 138<br>അസിസ്റ്റന്റ് സെക്രട്ടറി - 93<br>ഹെഡ്ക്ളാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫിസർ - 54 |
| (സി) | ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ ഘടനയിൽ വന്നിട്ടുള്ള മാറ്റത്തിനും വർദ്ധിച്ച ജോലിഭാരത്തിനും പുതിയ ചുമതലകൾക്കും അനുസൃതമായി ഗ്രാമപഞ്ചായത്ത് വകുപ്പിൽ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ച് തസ്തികകൾ | (സി) | ഗ്രാമപഞ്ചായത്ത് വകുപ്പിൽ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ച് തസ്തികകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്ന കാര്യം സർക്കാറിന്റെ പരിഗണനയിലുണ്ടോ; നിലവിൽ അസി.സെക്രട്ടറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിൽ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്നും അറിയിക്കാമോ; | | നിലവിലുള്ളതിനാൽ പുതിയ തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (ഡി) | എകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് നിലവിൽ വന്നതിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർവ്വീസ് ഡെലിവറിയിൽ എന്ത് പ്രകടമായ മാറ്റമാണ് കൊണ്ടുവരാൻ സാധിച്ചതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് എന്ത് ഗുണമാണ് ലഭിക്കുന്നതെന്നും അറിയിക്കുമോ? | (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് നിലവിൽ വന്നതിനുശേഷം വകുപ്പുകൾ തമ്മിലുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാവുകയും പൊതു ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുവാനും കഴിയുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി K-SMART സംവിധാനം നടപ്പിലാക്കുക വഴി ഓഫീസ് സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ